# കോവിലൻ, വിശപ്പിന്റേയും മനുഷ്യ അന്തസ്സിന്റേയും കഥാകാരൻ: ലക്ഷ്മൺ ഗെയ്ക്‌വാഡ്

ഗുരുവായൂർ● വിശപ്പിന്റേയും മനുഷ്യ അന്തസ്സിന്റേയും കഥാകാരനാണ് കോവിലനെന്ന് മറാത്തി നോവലിസ്റ്റ് ലക്ഷ്മൺ ഗെയ്ക് വാഡ് പറഞ്ഞു. കേന്ദ്ര സാഹിത്യ അക്കാദമി ന്യൂഡൽഹിയും ഗുരുവായൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന അന്തർദേശീയ കോവിലൻ പഠന ഗ്രൂപ്പും ചേർന്ന് നടത്തിയ കോവിലൻ ജന്മശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനം ഗുരുവായൂരിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

സാഹിത്യ അക്കാദമി മലയാള ഉപദേശക സമിതി കൺവീനർ കെ.പി.രാമനുണ്ണി അധ്യക്ഷത വഹിച്ചു.

കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല വൈസ് ചാൻസലർ ഡോ.എം.വി.നാരായണൻ ശതാബ്ദി പ്രഭാഷണം നടത്തി.

തിരക്കഥാകൃത്ത് കെ.എ.മോഹൻദാസ്, കെ.വി.സുബ്രഹ്മണ്യൻ, ഡോ.അനിൽ വള്ളത്തോൾ, പി.ഷംസുദ്ദീൻ, ജിതേഷ് ആസാദ്, സാബു കോട്ടക്കൽ എന്നിവർ പ്രസംഗിച്ചു.

സമാപന സമ്മേളനം കവി രാധാകൃഷ്ണൻ കാക്കശ്ശേരി ഉദ്ഘാടനം ചെയ്തു. ഗുരുവായൂർ നഗരസഭാധ്യക്ഷൻ എം.കൃഷ്ണദാസ് അധ്യക്ഷത വഹിച്ചു. ആലങ്കോട് ലീലാകൃഷ്ണൻ, നന്ദിനി മേനോൻ, പി.ടി.കുഞ്ഞുമുഹമ്മദ്, റഫീഖ് അഹമ്മദ്, ഡോ.വി.കെ.വിജയൻ, കെ.വി.അബ്ദുൽ ഖാദർ, കെ.പി.വിനോദ്, കെ.വി.രവീന്ദ്രൻ, വേണു എടക്കഴിയൂർ, കെ.വി.വിവിധ്, എ.എച്ച്.അക്ബർ എന്നിവർ പ്രസംഗിച്ചു.




കോവിലൻ ജന്മശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനം ഗുരുവായൂരിൽ മറാത്തി നോവലിസ്റ്റ് ലക്ഷ്മൺ ഗെയ്ക്‌വാഡ് നിർവഹിക്കുന്നു.

## ഓർമകളുടെ തട്ടകത്തിൽ...

ഗുരുവായൂർ● സാർവഭാരതീയ മാനങ്ങളുള്ള എഴുത്തുകാരനായ കോവിലന്റെ സ്മരണ അലയടിച്ച ഗുരുവായൂരിൽ കോവിലൻ കൃതികളുടെ വിശദമായ ചർച്ചകൊണ്ട് ദേശീയ സെമിനാർ ശ്രദ്ധേയമായി.

സാഹിത്യ സംബന്ധിയായി ഗുരുവായൂരിൽ നടക്കുന്ന ആദ്യത്തെ ദേശീയ സംഗമമാണിതെന്ന് സംഘാടകർ അവകാശപ്പെട്ടു.

വാർപ്പ് മാതൃകകളെയും മുൻവിധികളെയും തകർത്തെറിഞ്ഞ് പ്രണയവും കരുണയും ദുഃഖവും ആർദ്രതയും കഥകളിലൂടെ ആവിഷ്കരിച്ച 'തട്ടകത്തിന്റെ' കഥാകാരനാണ് കോവിലൻ.

അന്തർദേശീയ കോവിലൻ പഠന സമിതി കഴിഞ്ഞ 11 വർഷങ്ങളിലായി വാർഷിക സ്മാരക പ്രഭാഷണങ്ങൾ നടത്തി വരുന്നു. എൻ.കെ.അക്ബർ എംഎൽഎ ഉദ്ഘാടനം ചെയ്തു.

കോവിലന്റെ മകൾ വി.എ.അമിത, സെമിനാറുകളിൽ വിവിധ വിഷയങ്ങളിൽ കവി പി.എൻ.ഗോപീകൃഷ്ണൻ, കെ.വി.സജയ്, ഡോ.കെ.എസ്.രവികുമാർ, വിജു നായരങ്ങാടി, ഡോ.കെ.എം.അനിൽ എന്നിവർ പ്രസംഗിച്ചു.

# കോവിലന് ശ്രദ്ധാഞ്ജലിയായി ജന്മശതാബ്ദി ആഘോഷം

**ഗുരുവായൂർ**

കേന്ദ്ര സാഹിത്യ അക്കാദമിയുടെയും കോവിലൻ അന്തർദേശീയ പഠന ഗ്രൂപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ ഗുരുവായൂരിൽ സംഘടിപ്പിച്ച കോവിലൻ ജന്മശതാബ്ദി ആഘോഷം സാഹിത്യപ്രവർത്തകരുടെയും ചിന്തകരുടെയും പങ്കാളിത്തംകൊണ്ട് ശ്രദ്ധേയമായി. ഗുരുവായൂർ നഗരസഭാ ലൈബ്രറി ഹാളിൽ ഞായർ രാവിലെ പത്തരയ്ക്ക് പ്രമുഖ മറാത്തി നോവലിസ്റ്റ് ലക്ഷ്മൺ ഗെയ്ക്‌വാദ് ഉദ്ഘാടനം ചെയ്തു. കാലടി സംസ്കൃത സർവകലാശാലാ വൈസ് ചാൻസലർ ഡോ. എം വി നാരായണൻ ശതാബ്ദി പ്രഭാഷണം നടത്തി. കെ പി രാമനുണ്ണി അധ്യക്ഷനായി. എൻ കെ അക്ബർ എംഎൽഎ, അശോകൻ ചരുവിൽ, ഗുരുവായൂർ നഗരസഭാ ചെയർമാൻ എം കൃഷ്ണദാസ്, ബഷീർ മേച്ചേരി, റഫീഖ് അഹമ്മദ്, പ്രൊഫ. വി വിജയകുമാർ, കെ എ മോഹൻദാസ്, വേണു എടക്കഴിയൂർ, എ എച്ച് അക്ബർ, പി കെ അൻവർ എന്നിവർ സംസാരിച്ചു.




ഗുരുവായൂരിൽ സംഘടിപ്പിച്ച കോവിലൻ ജന്മശതാബ്ദി ആഘോഷം പ്രമുഖ മറാത്തി നോവലിസ്റ്റ് ലക്ഷ്മൺ ഗെയ്ക്‌വാദ് ഉദ്ഘാടനം ചെയ്യുന്നു

തുടർന്ന് നടന്ന സെമിനാറിൽ 'കോവിലനും വൈലോപ്പിള്ളിയും –ഒരു യുഗത്തിന്റെ രണ്ടു ജ്വാലകൾ' എന്ന വിഷയം പി എൻ ഗോപീകൃഷ്ണനും 'കോവിലന്റെ കഥനഭാഷ' എന്ന വിഷയം കെ വി സജയും അവതരിപ്പിച്ചു. ഡോ. അനിൽ വള്ളത്തോൾ അധ്യക്ഷനായി. പി ഷംസുദ്ദീൻ, എ എച്ച് അക്ബർ എന്നിവർ സംസാരിച്ചു. 'കോവിലന്റെ കഥകൾ ആഖ്യാനവും വ്യാഖ്യാനവും' എന്ന വിഷയം ഡോ. കെ എസ് രവികുമാറും 'തട്ടകത്തിന്റെ രാഷ്ട്രീയം' എന്ന വിഷയം വിജു നായരങ്ങാടിയും 'കോവിലൻ–ഹിംസയുടെ വേരുകൾ' എന്ന വിഷയം ഡോ. കെ എം അനിലും അവതരിപ്പിച്ചു. ഡോ. സാബു കോട്ടുക്കൽ അധ്യക്ഷനായി. കെ വി വിധ്, ജിതേഷ് ആസാദ് എന്നിവർ സംസാരിച്ചു. കോവിലൻ 100 വർഷങ്ങൾ എന്ന പ്രദർശനം എൻ കെ അക്ബർ എംഎൽഎ ഉദ്ഘാടനം ചെയ്തു. വൈകിട്ട് നടന്ന സമാപന സമ്മേളനം രാധാകൃഷ്ണൻ കാക്കശേരി ഉദ്ഘാടനം ചെയ്തു. പി ടി കുഞ്ഞുമുഹമ്മദ് അധ്യക്ഷനായി. പ്രവാസി ക്ഷേമ ബോർഡ് ചെയർമാൻ കെ വി അബ്ദുൾഖാദർ, നന്ദിനി മേനോൻ, ദേവസ്വം ചെയർമാൻ ഡോ. വി കെ വിജയൻ, കെ പി വിനോദ്, കെ വി രവീന്ദ്രൻ എന്നിവർ സംസാരിച്ചു.